## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4948 — 04.07.2012 ലെ മറുപടിയ്ക്ക്

### കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഭാഗ്യക്കുറികൾ

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. ഇ. കെ. വിജയൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. വി. ശശി

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ ഏതെല്ലാം തരത്തിലുള്ള ഭാഗ്യക്കുറികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾക്കൊപ്പം വർഷത്തിൽ 6 ബമ്പർ നറുക്കെടുപ്പുകളും നടത്തി വരുന്നു. |
| (ബി) | ഓരോ ഇനം ഭാഗ്യക്കുറികളുടെയും സമ്മാന ഘടന എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) | പ്രതിവാര ഭാഗ്യക്കുറികളുടെയും നിലവിൽ വിൽപ്പനയിലുള്ള മൺസൂൺ ബമ്പർ 2012 ഭാഗ്യക്കുറിയുടെയും സമ്മാന ഘടന അനുബന്ധമായി ചേർത്തിരിക്കുന്നു |
| (സി) | ഭാഗ്യക്കുറികളുടെ സമ്മാന ഘടനയിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതു വിധത്തിലാണ് സമ്മാന ഘടന പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | 2012 ജൂലൈ മാസം മുതൽ നറുക്കെടുക്കുന്ന ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്. 5000/- രൂപയുടെ സമ്മാനങ്ങളുടെ എണ്ണം ഡിസ്കൗണ്ട് നിരക്ക് എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് സമ്മാനഘടന ഇപ്പോൾ പരിഷ്കരിച്ചിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td>ഡിസ്കൗണ്ട് നിരക്കിൽ വർദ്ധനവ് വരുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><table><tr><th>ലോട്ടറി</th><th>ടിക്കറ്റ് പരിധി</th><th>ഡിസ്കൗണ്ട് നിരക്ക്</th></tr><tr><td rowspan="2">പൗർണ്ണമി വിൻവിൻ അക്ഷയ ഭാഗ്യനിധി</td><td>10000 ടിക്കറ്റുകൾ വരെ</td><td>26%</td></tr><tr><td>1000 ടിക്കറ്റിന് മുകളിൽ</td><td>28%</td></tr><tr><td rowspan="2">പ്രതീക്ഷ ധനശ്രീ കാരുണ്യ</td><td>10000 ടിക്കറ്റുകൾ വരെ</td><td>28%</td></tr><tr><td>10000 ടിക്കറ്റിന് മുകളിൽ</td><td>30%</td></tr></table></td></tr>
<tr><td>(ഡി)</td><td>കാരുണ്യ ഭാഗ്യക്കുറി ഉപയോഗിച്ചുള്ള ധനസഹായത്തിനായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു, എത്ര അപേക്ഷകൾ പരിഗണിച്ചു?</td><td>(ഡി)</td><td>1638 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ 1025 അപേക്ഷകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.</td></tr>
</table>

Sd/-
**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**